"ഭരണഭാഷ-മാതൃഭാഷ"

നമ്പർ: E7-6474/2014

സാമൂഹ്യനീതി ഡയറക്ടറേറ്റ്
വികാസ്ഭവൻ, തിരുവനന്തപുരം,
തീയതി : 19..02.2014.

# പരിപത്രം

വിഷയം: സാമൂഹ്യനീതി വകുപ്പ്- ജീവനക്കാര്യം - കേരള സോഷ്യൽ വെൽഫെയർ സബോർഡിനേറ്റ് സർവ്വീസ് വിശേഷാൽ ചട്ടം കാറ്റഗറി നം.5 (ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് -II) തസ്തികയിലേയ്ക്കുള്ള ഉദ്യോഗക്കയറ്റം - ഹെഡ് അക്കൗണ്ടന്റ് / ഹെഡ് ക്ലാർക്ക് തസ്തികയിലുള്ള ജീവനക്കാരിൽ നിന്നും നിലവിൽ താൽക്കാലികമായി ഗ്രേഡ് II ക്ഷേമസ്ഥാപന സൂപ്രണ്ട് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാരിൽ നിന്നും ഓപ്ഷൻ ക്ഷണിയ്ക്കുന്നു.

സൂചന:
1. G.O(P) നം.54/2010/SWD dt.10.8.2010.
2. G.O(P) നം.78/2012/SJD dt.27.12.2012.
3. G.O(Rt) നം.474/2013/SJD Dt.20.09.2013.
4. സാമൂഹ്യനീതി ഡയറക്ടർ പുറപ്പെടുവിച്ച 28.11.2012ലെ ഇ.7/11602/2012 നം. നടപടിക്രമങ്ങൾ.
5. സാമൂഹ്യനീതി ഡയറക്ടർ പുറപ്പെടുവിച്ച 3.10.2013ലെ ഇ.7/34744/2013 നം. നടപടിക്രമങ്ങൾ.

സാമൂഹ്യനീതി വകുപ്പിൽ 10.8.2010 തീയതിയിൽ പ്രാബല്യത്തിൽ വന്ന സൂചന ഒന്നിലെ കേരള സോഷ്യൽവെൽഫെയർ സബോർഡിനേറ്റ് സർവ്വീസ് റൂൾസ് 3 (5) കുറിപ്പ് 3 പ്രകാരമുള്ള ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് II തസ്തികയിലേയ്ക്ക് സൂചന (2) പ്രകാരമുള്ള വിശേഷാൽ ചട്ട ഭേദഗതിപ്രകാരം പ്രസ്തുത തസ്തികയുടെ ഫീഡർ കാറ്റഗറികളായി നിശ്ചയിച്ചിട്ടുള്ള കാറ്റഗറി നം.12ൽ നിന്നും, രണ്ടാ ം ഫീഡർ കാറ്റഗറിയായ ഹെഡ് അക്കൗണ്ടന്റ് / ഹെഡ് ക്ലാർക്കുമാരിൽ നിന്ന് 1:1 എന്ന അനുപാതത്തിലാണ് ഉദ്യോഗക്കയറ്റം അനുവദിക്കേണ്ടത്. രണ്ടാം ഫീഡർ കാറ്റഗറിയായ ഹെഡ് അക്കൗണ്ടന്റ് / ഹെഡ് ക്ലാർക്ക് തസ്തികയിൽ നിന്ന് ഓപ്ഷൻ മുഖേനയാണ് ജീവനക്കാർക്ക് നിയമനം നൽകേണ്ടതെന്നും വിശേഷാൽ ചട്ടം നിർഷ്ക്കർഷിച്ചിട്ടുണ്ട്.

2. കാറ്റഗറി 12-ൽ യോഗ്യരായ ജീവനക്കാർ ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് II വിലേയ്ക്കുള്ള ഉദ്യോഗക്കയറ്റത്തിൽ അർഹത നേടാത്ത സാഹചര്യത്തിൽ ഓപ്ഷൻ കൂടാതെ രണ്ടാം ഫീഡർ കാറ്റഗറിയിൽപ്പെട്ട ജീവനക്കാർക്ക് ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് II തസ്തികയിലേയ്ക്ക് താൽക്കാലിക ഉദ്യോഗക്കയറ്റം നൽകി വന്നിരുന്നു. എന്നാൽ 29.1.2014ൽ

സാമൂഹ്യനീതി ഡയറക്ടർ ഇ.9-37883/2013 നംപർ നടപടിക്രമത്തിലൂടെ കാറ്റഗറി 12ൽ 10.8.2010ൽ നിലവിലുണ്ടായിരുന്ന ജീവനക്കാരുടെ അന്തിമ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത വിഭാഗത്തിൽ നിന്ന് ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് II തസ്തികയിലേക്ക് യോഗ്യരായ ജീവനക്കാർ ഇപ്പോൾ നിലവിലുണ്ട്.

3. ഈ സാഹചര്യത്തിൽ ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് II തസ്തികയിൽ നിയമനം ആഗ്രഹിക്കുന്ന ഹെഡ് അക്കൗണ്ടന്റ് /ഹെഡ്ക്ലാർക്ക് തസ്തികയിൽ സേവനം അനുഷ്ഠിക്കുന്ന ജീവനക്കാരിൽ നിന്നും പ്രസ്തുത തസ്തികകളിലുണ്ടാകുന്ന ഒഴിവുകളിലേയ്ക്ക് ഇതിനോടൊപ്പം ചേർത്തിട്ടുള്ള നിർദ്ദിഷ്ഠ മാതൃകയിൽ ഓപ്ഷൻ ക്ഷണിക്കുന്നു. ഇപ്പോൾ ഹെഡ് അക്കൗണ്ടന്റ് / ഹെഡ്ക്ലാർക്ക് തസ്തികയിൽ നിന്ന് KS&SSR ചട്ടം 31 A(1) പ്രകാരം ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് II തസ്തികയിൽ സൂചന (4), (5) എന്നീ ഉത്തരവുകളിലൂടെ താൽക്കാലിക ഉദ്യോഗക്കയറ്റം അനുവദിക്കപ്പെട്ട് സേവനമനുഷ്ഠിക്കുന്ന ജീവനക്കാർ പ്രസ്തുത തസ്തികയിൽ തുടരുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ ഓപ്ഷൻ നൽകേണ്ടതാണ്. അപ്രകാരം ഓപ്ഷൻ നൽകുന്ന ജീവനക്കാരുടെ താൽക്കാലിക നിയമനം KS &SSR ചട്ടം 28 A(1) പ്രകാരം റഗുലറൈസ് ചെയ്യുന്നതായിരിക്കും.

4. ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് II തസ്തികയിൽ താൽക്കാലികമായി സേവനമനുഷ്ഠിക്കുന്ന ജീവനക്കാരും ഹെഡ് അക്കൗണ്ടന്റ് / ഹെഡ് ക്ലാർക്ക് തസ്തികയിൽ നിന്ന് ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് II തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം ആഗ്രഹിക്കുന്ന ജീവനക്കാരും 10.03.2014-നുള്ളിൽ നിർദ്ദിഷ്ഠ മാതൃകയിലുള്ള ഓപ്ഷൻ സമർപ്പിക്കേണ്ട താണ്. നിശ്ചിത സമയം കഴിഞ്ഞ് ലഭിക്കുന്ന ഓപ്ഷനുകൾ ഒരു കാരണവശാലും സ്വീകരിക്കുന്നതല്ല.

**സാമൂഹ്യനീതി ഡയറക്ടർക്കു വേണ്ടി**

വെബ് സൈറ്റ് പ്രസിദ്ധീകരണത്തിന്

db/14

# ഓപ്ഷൻ

**(കേരള സോഷ്യൽവെൽഫെയർ സബോർഡിനേറ്റ് സർവ്വീസ് വിശേഷാൽ ചട്ടം 3(5) കുറിപ്പ് 3 പ്രകാരം)**

ഞാൻ. . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . (പേര്, തസ്തിക, കാര്യാലയം) എന്റെ നിലവിലുള്ള(*) / അടുത്ത ഉദ്യോഗക്കയറ്റ തസ്തികയായ ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് II കേരള സോഷ്യൽവെൽഫെയർ സബോർഡിനേറ്റ് സർവ്വീസ് വിശേഷാൽ ചട്ടം 3(5) കുറിപ്പ് 3 പ്രകാരം ഇതിനാൽ ഓപ്റ്റ് ചെയ്തിരിക്കുന്നു. ഈ തസ്തികയിൽ എനിക്ക് സ്ഥിര ഉദ്യോഗക്കയറ്റം അനുവദിക്കുന്നപക്ഷം കേരള സോഷ്യൽ വെൽഫെയർ സബോർഡിനേറ്റ് സർവ്വീസ് വിശേഷാൽ ചട്ടപ്രകാരമുള്ള ഉദ്യോഗക്കറ്റങ്ങൾ അല്ലാതെ വകുപ്പിൽ നിലവിലുള്ള മറ്റു ചാനലുകൾ വഴിയുള്ള ഉദ്യോഗക്കയറ്റങ്ങളിലേയ്ക്ക് ഞാൻ യാതൊരു വിധ അവകാശങ്ങളും ഭാവിയിൽ ഉന്നയിക്കുന്നതല്ലെന്ന് പ്രസ്താവിക്കുന്നു.

**സ്ഥലം:**

**ഒപ്പ്:**

**തീയതി:**

**ജീവനക്കാരന്റെ പേര്:**

**തസ്തിക:**

**കാര്യാലയം:**

**കാര്യാലയമേധാവിയുടെ മേലൊപ്പ്**

(*) - നിലവിൽ ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് II തസ്തികയിൽ താൽക്കാലികമായി സേവനമനുഷ്ഠിക്കുന്ന ജീവനക്കാർ.

db/14